പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 910

04.03.2020 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിൽ വീട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.പി. സജീന്ദ്രൻ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഭവനരഹിതരും, ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതിയിൽ വീട് വച്ച് നൽകുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>ബി) തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണെന്നതും, അവരുടെ ജീവിത സാഹചര്യം ദയനീയമാണെന്നതും കണക്കിലെടുത്ത് ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക പരിഗണന നൽകുമോ; | എ) യും ബി) യും ഉണ്ട്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന സ്വന്തമായി സ്ഥലമുള്ള ഭവന രഹിതരായ തൊഴിലാളികൾക്ക് 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്വതന്ത്ര ഭവനങ്ങൾ നിർമ്മിച്ച് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 10 തോട്ടം തൊഴിലാളികളെ തിരഞ്ഞെടുക്കുകയും 5 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 5 വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്.<br>തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി മൂന്നാറിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള 5.49 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി റവന്യൂ വകുപ്പിൽ നിന്നും കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.<br>ഭവനം ഫൗണ്ടേഷൻ കേരളയുടെ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ പുനലൂരിലുള്ള റീ ഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ (ആർ.പി.എൽ) തൊഴിലാളികളെ കൂടി ഉൾപ്പെടുത്തുകയും ആദ്യഘട്ട ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2020 ഫെബ്രുവരിയിൽ തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്കായി വയനാട് ജില്ലയിൽ സംസ്ഥാന ബീവറേജസ് കോർപ്പറേഷന്റെ സി. എസ്. ആർ. ഫണ്ട് ഉപയോഗിച്ച് 100 വീടുകൾ നിർമ്മിച്ചു നൽകുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ മറ്റ് തോട്ടം മേഖലകളിലുള്ള ഭവന രഹിതരായ തോട്ടം |

തൊഴിലാളികൾക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും വീടുകൾ നിർമ്മിച്ചു നൽകുന്ന കാര്യം പരിഗണനയിലാണ്.

| | |
|---|---|
| സി) ലൈഫ് പദ്ധതി പ്രകാരം അനുവദിക്കുന്ന തുക തോട്ടം മേഖലയിൽ താമസിക്കുന്നവർക്ക് വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമോ? | സി) തോട്ടം മേഖലയിൽ ഭവനം ഫൗണ്ടേഷൻ കേരള മുഖേന നടപ്പിലാക്കി വരുന്ന ഭവന പദ്ധതിക്കായി ലൈഫ് മിഷന്റെ മാനദണ്ഡപ്രകാരം നാല് ലക്ഷം രൂപയാണ് അനുവദിച്ചുവരുന്നത്. എന്നാൽ തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിനായി കൂടുതൽ തുക ചെലവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധികമായി തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ Beneficiary Committee / Non Governmental Agency കളിൽ നിന്നും സംഭാവനയായി തുക കണ്ടെത്തുന്നതിന് ഭവനം ഫൗണ്ടേഷന് അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ നടപ്പിലാക്കിയ ഭവന പദ്ധതിക്കായി അധികമായി ചെലവു വന്ന തുകയിൽ 75,000/- രൂപ Federation of Kerala Association in North America ( FOKANA) - ൽ നിന്നും സംഭാവനയായും 13,372/- രൂപ ഗുണഭോക്തൃ വിഹിതമായും സമാഹരിച്ചിരുന്നു. |

Anishan

**സെക്ഷൻ ഓഫീസർ**